Document 2026/101/15399 - GENERAL( modified version of 2026/15342/101) - File No. 2026/101/7043
Approved by Registrar on 14/07/2026 11:19:58
http://www.kufos.ac.in/
guaFC-gyD-oqFH-FAnrN
KUFOS HQRS,Panangad, Ernakulam

**KERALA UNIVERSITY OF FISHERIES & OCEAN STUDIES**
**കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല**
**PANANGAD P.O., KOCHI 682 506, KERALA, INDIA**
Phone: **0484- 2703782, 2700598; Fax: 91-484-2700337; *e-mail*:** **utypanangad@kufos.ac.in**

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

***File No: Acad2/7043/2026(i)*** ***Date:13/07/2026***

## <u>പത്രക്കുറിപ്പ്</u>

*2026-27 അധ്യയന വർഷത്തേക്കുള്ള കുഫോസിന്റെ നാല് വർഷ ബിരുദ (FYUGP) പ്രോഗ്രാമുകളുടെയും അഞ്ച് വർഷ ഇന്റഗ്രേറ്റഡ് ബിരുദാനന്തര ബിരുദ (FYIPG) പ്രോഗ്രാമുകളുടെയും റാങ്ക് ലിസ്റ്റുകൾ സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.*

*റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്കായുള്ള പ്രവേശനം **2026 ജൂലൈ 20**-ന് (തിങ്കളാഴ്ച) രാവിലെ 10.00 മണിക്ക് കൊച്ചി പനങ്ങാടുള്ള കുഫോസ് ആസ്ഥാനത്ത് നടത്തുന്നതാണ്.*

*പ്രവേശനം മെറിറ്റിന്റെയും നിലവിലുള്ള സംവരണ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലായിരിക്കും. വിവിധ സംവരണ വിഭാഗങ്ങൾക്കായി മാറ്റിവെച്ചിരിക്കുന്ന സീറ്റുകൾ കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളും കുഫോസ് അഡ്മിഷൻ പ്രോസ്പെക്ടസ് 2026-27-ലെ വ്യവസ്ഥകളും അനുസരിച്ച് നികത്തുന്നതാണ്.*

*പ്രവേശനത്തിന് ഹാജരാകുന്ന വിദ്യാർത്ഥികൾ നിശ്ചിത സമയത്തിന് മുമ്പായി വേദിയിൽ എത്തിച്ചേരേണ്ടതാണ്. അസൽ രേഖകളുടെ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടയ്ക്കുന്നതിനും ശേഷമായിരിക്കും പ്രവേശനം അനുവദിക്കുക.*

*പ്രവേശന സമയത്ത് താഴെപ്പറയുന്ന രേഖകളുടെ അസലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഹാജരാക്കേണ്ടതാണ്.*

1. *ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്.*
2. *രജിസ്ട്രേഷൻ ഫീസ് അടച്ചതിന്റെ രേഖ.*
3. *യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്/സർട്ടിഫിക്കറ്റ്.*
4. *ജനനത്തീയതി തെളിയിക്കുന്ന രേഖ (എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്/ജനന സർട്ടിഫിക്കറ്റ്).*
5. *ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്.*
6. *കണ്ടക്ട് സർട്ടിഫിക്കറ്റ്.*
7. *മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ).*
8. *ജാതി/സമുദായ സർട്ടിഫിക്കറ്റ് (എസ്.സി./എസ്.ടി. വിഭാഗക്കാർക്ക്).*
9. *നോൺ-ക്രീമി ലെയർ സർട്ടിഫിക്കറ്റ് (അർഹരായ എസ്.ഇ.ബി.സി./ഒ.ഇ.സി. വിഭാഗക്കാർക്ക്).*
10. *ഇ.ഡബ്ല്യു.എസ്. സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ).*
11. *ഒ.ഇ.സി. വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷിച്ചവർക്ക് കമ്മ്യൂണിറ്റി, വരുമാന സർട്ടിഫിക്കറ്റുകൾ.*

Document 2026/101/15399 - GENERAL( modified version of 2026/15342/101) - File No. 2026/101/7043
Approved by Registrar on 14/07/2026 11:19:58
http://www.kufos.ac.in/
guaFC-gyD-oqFH-FAnrN
KUFOS HQRS,Panangad, Ernakulam

12. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സംവരണ വിഭാഗത്തിൽ അപേക്ഷിച്ചവർക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പാസ്ബുക്കിന്റെ പകർപ്പ്.

13. എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ).

14. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ).

15. അപേക്ഷയിൽ ഉന്നയിച്ച അവകാശവാദങ്ങൾ തെളിയിക്കുന്ന മറ്റ് രേഖകൾ.

ആവശ്യമായ അസൽ രേഖകൾ ഹാജരാക്കാത്തവർക്ക് പ്രവേശനം അനുവദിക്കുന്നതല്ല.

പ്രസ്തുത പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി വിദ്യാർത്ഥികൾ പ്രവേശന സമയത്ത് അടയ്ക്കേണ്ട ഫീസ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| Name of the Programme | SC/ST/OEC/OBC(H)/Children of Fishermen (₹) | General & Other Categories (₹) |
|---|---|---|
| Integrated Bachelors-Masters in Marine Biology (5 Year) | 8,310 | 33,160 |
| BBA (Honours/Research) (FYUGP) (4 Year) | 8,310 | 33,160 |
| Integrated Bachelors-Masters in Food Science and Technology (5 Year) | 8,310 | 38,160 |
| Integrated Bachelors-Masters in Climate Science and Data Analytics (5 Year) | 8,310 | 33,160 |
| Bachelors in Ocean Science (Honours/Research) (FYUGP) (4 Year) | 8,310 | 33,160 |

കൂടുതൽ വിവരങ്ങൾക്ക് സർവകലാശാലയുടെ വെബ്സൈറ്റ് (www.kufos.ac.in) സന്ദർശിക്കുകയോ acad2@kufos.ac.in എന്ന ഇ-മെയിൽ വിലാസത്തിലോ 7012925247 എന്ന ഫോൺ നമ്പരിലോ അഡ്മിഷൻ സെല്ലുമായി ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

**രജിസ്ട്രാർ**

*To*

1. *PRO – for publishing the press release in the print and electronic media.*
2. *Web Administrator – for publishing the press release on the University website.*

*Copy to:*

1. *Dean, FOST.*
2. *FYUGP Coordinator.*
3. *CE*
4. *FO*
5. *PS to Vice Chancellor.*

6. *D R (Academic).*
7. *PA to Registrar.*
8. *SO Cash/AR Finance*
9. *Programmer*
10. *Security Officer*

http://www.kufos.ac.in/
guaFC-gyD-oqFH-FAnrN
Document 2026/101/15399 - GENERAL( modified version of 2026/15342/101) - File No. 2026/101/7043
Approved by Registrar on 14/07/2026 11:19:58
KUFOS HQRS,Panangad, Ernakulam

Panangad P.O. 682 506, kochi, Kerala, India. Phone : 91 484 2700964; Fax : 91 484 2700337 Email :- utypanangad@kufos.ac.in